(ഡി) 2000-2001-ൽ ഇതുവരെ കായംകുളം താപനിലയത്തിൽ നിന്നും എത്ര യൂണിറ്റ് വൈദ്യുതി വാങ്ങിയിട്ടുണ്ട് ;

(ഇ) അതിന്റെ മൊത്തം വിലയെത്രയാണ് ; വൈദ്യുതി വാങ്ങിയ ഇനത്തിൽ കായംകുളം താപവൈദ്യുതി നിലയത്തിന് എന്തു തുക കൊടുക്കാനുണ്ട് ?

ഉത്തരം

(എ) ഒരു യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ ബ്രഹ്മപുരം താപവൈദ്യുതി നിലയത്തിന് 3 രൂപ 43 പൈസയും കോഴിക്കോട് താപനിലയത്തിന് 3 രൂപ 27 പൈസയും ഇപ്പോഴത്തെ എൻ.എസ്.എച്ച്.എസിന്റെ വിലയനുസരിച്ച് ചെലവാകുന്നുണ്ട്.

(ബി) ബ്രഹ്മപുരം കോഴിക്കോട് വൈദ്യുതി നിലയങ്ങളിൽ നിന്നും 2001 ജനുവരി വരെ ഉല്പാദിപ്പിച്ച വൈദ്യുതി താഴെ പറയുംപ്രകാരമാണ്.

ബ്രഹ്മപുരം	-	278.207 ദശലക്ഷം യൂണിറ്റ്
കോഴിക്കോട്	-	391.8563 ദശലക്ഷം യൂണിറ്റ്

(സി) 1-4-2000 മുതൽ 31-1-2001 വരെയുള്ള കണക്കനുസരിച്ച് ഒരു യൂണിറ്റ് വൈദ്യുതിക്ക് ശരാശരി 4.41 രൂപ വില വരുന്നുണ്ട്.

(ഡി) 2000-2001 ജനുവരി വരെ കായംകുളം താപവൈദ്യുതി നിലയത്തിൽ നിന്നും 1563.26 ദശലക്ഷം യൂണിറ്റ് വൈദ്യുതി വാങ്ങിയിട്ടുണ്ട്.

(ഇ) എൻ.റ്റി.പി.സി. എല്ലാ മാസവും നൽകുന്ന ബിൽപ്രകാരം 585.49 കോടി രൂപയാണ്. ഈ വൈദ്യുതിക്ക് ആവശ്യപ്പെട്ടിട്ടുള്ളത്. ഇതുകൂടാതെ സി.ഇ.ആർ.സി. വിധിപ്രകാരവും മാറ്റിനങ്ങളിലുമായി 131.35 കോടി രൂപകൂടി ആവശ്യപ്പെട്ടിട്ടുണ്ട്. കായംകുളത്തുനിന്നും വൈദ്യുതി വാങ്ങിയവകയിൽ 512.49 കോടി രൂപയും 170 കോടി രൂപയുടെ ബോണ്ടും എൻ.റ്റി.പി.സിക്ക് നൽകിയിട്ടുണ്ട്.

വൈദ്യുതി ബോർഡ് ഉല്പാദിപ്പിച്ച ജലവൈദ്യുതി

94 (319) ശ്രീ. പി. ജെ. ഫ്രാൻസിസ് :

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ വൈദ്യുതി ബോർഡ് എത്ര യൂണിറ്റ് ജലവൈദ്യുതി പ്രതിദിനം ഉല്പാദിപ്പിച്ചിരുന്നു ;

(ബി) അന്ന് വൈദ്യുതി ബോർഡ് എത്ര യൂണിറ്റ് വൈദ്യുതി പ്രതിദിനം വിലയ്ക്ക് വാങ്ങിയിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അന്ന് വിലയ്ക്ക് വാങ്ങിയ വൈദ്യുതിയുടെ അന്നത്തെ വിലയെന്തായിരുന്നു ;

(ഡി) ഈ ഗവൺമെന്റ് അധികാരത്തിലിരുന്ന ഓരോ വർഷവും സംസ്ഥാനത്ത് എത്ര യൂണിറ്റ് ജലവൈദ്യുതി വീതം ഉല്പാദിപ്പിച്ചിരുന്നുവെന്നും ഈ കാലഘട്ടത്തിൽ ഓരോ വർഷവും എത്ര യൂണിറ്റ് വൈദ്യുതി വീതം ബോർഡ് പുറത്തുനിന്നും സംസ്ഥാനത്തിനകത്തുള്ള താപനിലയങ്ങളിൽ നിന്നും വാങ്ങിയെന്നും വ്യക്തമാക്കുമോ ;

(ഇ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷവും സംസ്ഥാനത്തിനു പുറത്ത് നിന്നും വാങ്ങിയ വൈദ്യുതിയുടെയും സംസ്ഥാനത്തിനകത്തുള്ള താപനിലയങ്ങളിൽ നിന്നും വാങ്ങിയ വൈദ്യുതിയുടെയും വില എത്രവീതമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(എഫ്) സംസ്ഥാനത്തിനകത്തുള്ള താപനിലയങ്ങളിൽ നിന്നും സംസ്ഥാനത്തിന് പുറത്തു നിന്നും ഈ കാലഘട്ടത്തിൽ ഓരോ വർഷവും വാങ്ങിയ വൈദ്യുതി എന്തു വിലയ്ക്ക് വിറ്റു എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന 1996 മേയ് മാസത്തിൽ വൈദ്യുതി ബോർഡ് പ്രതിദിനം ശരാശരി 13.34 ദശലക്ഷം യൂണിറ്റ് ജലവൈദ്യുത പദ്ധതികളിൽ നിന്നും ഉല്പാദിപ്പിച്ചു.

(ബി) അന്ന് ശരാശരി 9.5 ദശലക്ഷം യൂണിറ്റ് വൈദ്യുതി പ്രതിദിനം വിലയ്ക്കു വാങ്ങിയിരുന്നു.

(സി) 4.96-ലെ ബിൽ അനുസരിച്ച് കേന്ദ്രവൈദ്യുതി നിലയങ്ങളിൽ നിന്നും വിലയ്ക്ക് വാങ്ങിയ വൈദ്യുതിയുടെ അന്നത്തെ വില യൂണിറ്റൊന്നിന് താഴെപറയും പ്രകാരമാണ്.

1.	രാമഗുണ്ടം	-	79 പൈസ
2.	കൽപ്പാകം	-	82 പൈസ
3.	നെൽവേലിഒന്നാംഘട്ടം	-	78 പൈസ
	രണ്ടാംഘട്ടം	-	138 പൈസ

(ഡി) ഈ ഗവൺമെന്റിന്റെ കാലത്ത് ഓരോ വർഷവും ജലവൈദ്യുത പദ്ധതികളിൽ നിന്നും താപവൈദ്യുത നിലയങ്ങളിൽ നിന്നും ഉല്പാദിപ്പിച്ച വൈദ്യുതിയുടെയും പുറത്തുനിന്നും വാങ്ങിയ വൈദ്യുതിയുടേയും വിശദാംശം ഇപ്രകാരമാണ്.

LIBRARY ARCHIVES Kerala Legislative Assembly

വർഷം	ജലവൈദ്യുത പദ്ധതികൾ യൂണിറ്റ് (ദശലക്ഷത്തിൽ)	താപവൈദ്യുത നിലയങ്ങൾ യൂണിറ്റ് (ദശലക്ഷത്തിൽ)	കേന്ദ്രഗ്രിഡിൽ നിന്നും ലഭിച്ച വൈദ്യുതി യൂണിറ്റ് (ദശലക്ഷത്തിൽ)
1996 മേയ് 1997	5168.30	-	3121.5
1997-98	5075.80	113.20	4456.7
1998-99	7350.03	493.23	3323.33
1999-2000	7075.24	1829.38	3047.29
2000-2001 ജനുവരി	5196.57	2350.98	3011.77

(ഇ) മറുപടി അനുബന്ധമായി വെച്ചിട്ടുണ്ട്†.

(എഫ്) സംസ്ഥാനത്തിന് പുറത്തും സംസ്ഥാനത്തിന് അകത്തുമുള്ള താപവൈദ്യുതി നിലയങ്ങളിൽ നിന്നും വാങ്ങുന്ന വൈദ്യുതി പ്രത്യേകമായി ഒരു വിഭാഗം ഉപഭോക്താക്കൾക്കും നൽകാറില്ല. വാങ്ങുന്ന വൈദ്യുതിയും ബോർഡിന്റെ ആഭ്യന്തരോല്പാദന വൈദ്യുതിയും സംസ്ഥാന വൈദ്യുതി ശൃംഖലയിലേക്ക് പൂൾ ചെയ്താണ് ഉപഭോക്താക്കൾക്ക് നൽകുന്നത്.

ജലവൈദ്യുത പദ്ധതിയിലെ കേടായ ജനറേറ്ററുകൾ

95 (320) ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഓരോ ജലവൈദ്യുത പദ്ധതിയിലും എത്ര ജനറേറ്ററുകൾവീതം സ്ഥാപിച്ചിട്ടുണ്ട് ; അവയുടെ കപ്പാസിറ്റി വ്യക്തമാക്കാമോ ;

(ബി) ഇവയിൽ എത്ര ജനറേറ്ററുകൾ കേടായി കിടക്കുന്നുണ്ട് ; ഇവയുടെ കപ്പാസിറ്റി എത്രയെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇവ പ്രവർത്തനക്ഷമമാക്കാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(ഡി) ഇവ നന്നാക്കുവാൻ എന്തു തുക വേണ്ടിവരും ;

(ഇ) ഇവ നന്നാക്കാത്തതുമൂലം എത്ര യൂണിറ്റ് വൈദ്യുതി വിലയ്ക്ക് വാങ്ങേണ്ടതായി വന്നിട്ടുണ്ട് ;

(എഫ്) ഇതുമൂലമുണ്ടായ നഷ്ടമെത്രയെന്ന് വ്യക്തമാക്കുമോ ?

† അനുബന്ധം XVII

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XVII

[20-2-2001-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 84(319)-ന്റെ 'ഇ' ഉത്തരം ദയവായി കാണുക]

വർഷം	വില പൈസയിൽ			താപവൈദ്യുതനിലയം					
	താമഗുണ്ടം	കൽപ്പാക്കം	നെയ്വേലി	കെയ്ഗാ	പശ്ചിമ മേഖല	കിഴക്കൻ മേഖല	കായംകുളം	സി.എസ്.എസ്	തമിഴ്
1996-97	84	141	180	..	..	..	..	ഇൻഷോംപവർ	..
			1133						
1997-98	98	158	80						
			133	..		215		..	210
1998-99	107	163	99	..	150	215	3.06		
			149						
1999-2000	110	189	104						
			154	162	175		4.25		
2000-2001	111	193	108						
			159	295	160	138	4.41	3.82	